പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5713 2/7/2019 ൽ മറുപടിക്ക്

## യുവാക്കൾക്കിടയിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് : | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സഹായകമാകുന്ന തരത്തിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | എ) | ഇന്ററസ്റ്റ് സബ് വെൻഷൻ, കൊമേഴ്സ്യൽ ഗോട്ടറി, മിൽക്കിംഗ് മെഷീൻ, കർഷക പരിശീലന പ്രവർത്തനങ്ങൾ എന്നിവ യുവാക്കൾക്കിടയിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുമായുള്ള പദ്ധതികളാണ്. |
| ബി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | ബി) | 1. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി.<br><br>മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശ ഇനത്തിൽ 5,000/- രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനമൊട്ടാകെ പ്രതിവർഷം ചുരുങ്ങിയത് 5000 പേർക്കെങ്കിലും പദ്ധതി കൊണ്ട് ആശ്വാസം ലഭിക്കും.<br><br>2. കൊമേഴ്സ്യൽ ഗോട്ടറി- ആട് വളർത്തൽ യൂണിറ്റുകൾ<br><br>വ്യാവസായിക അടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 150 യൂണിറ്റുകൾ സ്ഥാപിക്കും.<br><br>3. മിൽക്കിംഗ് മെഷീൻ<br><br>ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് മുഖേന കറവയന്ത്രം |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. 5 ൽ കൂടുതൽ പശുക്കളുള്ള തെരെഞ്ഞെടുത്ത കർഷകർക്ക് 25000/- രൂപ വീതം ധനസഹായം നൽകുന്നു.<br>4. കർഷക പരിശീലന കേന്ദ്രങ്ങൾ<br>വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 8 ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ ഒരു ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഒരു പൗൾട്രി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ വഴി നൽകുന്ന പരിശീലനം യുവാക്കൾക്കിടയിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സഹായകമാകുന്നു. |
| സി) | ഇതിലേക്കായി സ്ഥിരം പരിശീലനകേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | സി) | കുടപ്പനക്കുന്ന്, കൊട്ടിയം, തലയോലപ്പറമ്പ്, ആലുവ, മലമ്പുഴ, മുണ്ടയാട്, വാഗമൺ, സുൽത്താൻബത്തേരി എന്നീ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകളും, ചെങ്ങന്നൂർ പൗൾട്രി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് , ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മഞ്ഞാടി എന്നീ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും സ്ഥിരം പരിശീലന കേന്ദ്രങ്ങളായി സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ